അനുബന്ധം I

(നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1424 കാണുക)

ഓണക്കാലത്ത് പത്തനംതിട്ട ജില്ലയിൽ സൗജന്യ റേഷൻ നൽകിയ കുടുംബങ്ങളുടെ താലൂക്ക് തിരിച്ചുള്ള കണക്ക്

കോഴഞ്ചേരി	50,274
റാന്നി	31,780
അടൂർ	39,817
തിരുവല്ല	28,160
മല്ലപ്പള്ളി	21,716
	171,747

ഓണത്തിന് സൗജന്യ റേഷൻ

977. [1425] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
,, കെ. പി. എ. മജീദ് :
,, പി. സീതി ഹാജി :
,, പി. വി. മുഹമ്മദ് :
,, പി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണത്തിന് സൗജന്യ റേഷൻ നൽകിയതിന് സംസ്ഥാന സർക്കാരിന് എത്ര കോടി രൂപ ചെലവായി ;

(ബി) ഏതു പരിപാടിയിൽ ഉൾപ്പെടുത്തിയാണ് സൗജന്യ റേഷൻ നൽകിയത് ;

(സി) എത്ര കുടുംബങ്ങൾക്ക് ഇതിൽ പ്രയോജനം ലഭിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഓണത്തിന് സൗജന്യ റേഷൻ നൽകിയ വകയിൽ താൽക്കാലിക കണക്കനുസരിച്ച് സർക്കാരിന് 7,15,84,745.03 രൂപ ചെലവായി.

(ബി) അടുത്ത കാലത്തുണ്ടായ വെള്ളപ്പൊക്കംമൂലം ദുരിതമനുഭവിച്ചവർക്ക് ആശ്വാസ നടപടിയെന്ന നിലയിലും ഓണക്കാലത്ത് ദുർബല വിഭാഗങ്ങൾക്ക് നൽകിയ ഒരു ആനുകൂല്യമെന്ന നിലയിലുമാണ് സൗജന്യ റേഷൻ നൽകിയിട്ടുള്ളത്.

(സി) 36,47,803 കുടുംബങ്ങൾക്ക് സൗജന്യ റേഷന്റെ പ്രയോജനം ലഭിച്ചു.

ഇലക്ട്രിസിറ്റി ഫ്രൈസൻസിംഗ് ബോർഡ്

978 [1426] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ഫ്രൈസൻസിംഗ് ബോർഡിൽ ഇപ്പോൾ നിലവിലുള്ള അംഗങ്ങൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലൈസൻസിംഗ് ബോർഡിലെ അംഗങ്ങളുടെ പേർ വ്യക്തമാക്കുമോ ;

(സി) ഇപ്പോഴത്തെ നിലവിലുള്ള ലൈസൻസിംഗ് ബോർഡ് രൂപീകരിച്ചത് എന്നാണ് ;

(ഡി) ഈ ബോർഡ് പുന: സംഘടിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുണ്ടോ ;

(ഇ) ഈ ബോർഡിൽ വയർമെൻമാരുടെ പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒൻപത്.

(ബി) അംഗങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ശ്രീ. ജി. ഗോപാലകൃഷ്ണപിള്ള കമ്മീഷണർ & സെക്രട്ടറി (പ്രസിഡന്റ്) (പവ്വർ)

,, എം. രാമദാസ് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ, ഇൻസ്പെക്ടർ (മെമ്പർ സെക്രട്ടറി)

,, ജി. രവീന്ദ്രൻ നായർ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ(സ്റ്റാറ്റ്യൂട്ട്സ്) (മെമ്പർ)

,, ചീഫ് എഞ്ചിനീയർ (ജനറൽ ഇലക്ട്രിസിറ്റി) ഇലക്ട്രിസിറ്റി ബോർഡ് ,,

ഡോക്ടർ എം. എസ്. അബ്ദുൽ ഖാദർ, പ്രൊഫസർ, എഞ്ചിനീയറിംഗ് കോളേജ് (ഇപ്പോൾ ജോയിന്റ് ഡയറക്ടർ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്) ,,

ശ്രീ. സി. എഫ്. തോമസ്, എം. എൽ. എ. ,,

,, എൻ. നാരായണൻകുട്ടി, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കൊച്ചിൻ പോർട്ട് ട്രസ്റ്റ്. ,,

,, ജോൺ ടി. ജേക്കബ് റിട്ടയേർഡ് ടെക്നിക്കൽ മെമ്പർ, കെ. എസ്. ഇ. ബി. ,,

,, കെ. പരമേശ്വര പൊതുവാൾ, റിട്ടയാർഡ് സൂപ്രണ്ടിംഗ് സർ എഞ്ചിനീയർ ,,

(സി) 1986 ഫെബ്രുവരി 10-നാണ് ബോർഡ് നിലവിൽ വന്നത്.

(ഡി) ബോർഡിന്റെ കാലാവധി തീർന്നിട്ടില്ല അതുകൊണ്ട് ഇപ്പോൾ ഉദ്ദേശമില്ല.

(ഇ) ഇല്ല.

(എഫ്) എ ക്ലാസ്സും ബി ക്ലാസ്സും കോൺട്രാക്ടർമാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തുവാനുള്ള വകുപ്പാണ് ഇപ്പോൾ ബോർഡ് നിയമാവലിയിൽ ഉള്ളത്. ബോർഡ് പ്രധാനമായും ഒരു ടെക്നിക്കൽ ബോഡിയാണ്.

LIBRARY ARCHIVES Kerala Legislative Assembly